# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3024
18/10/2016 ലെ മറുപടിക്ക്

**<u>പെരുമ്പാവൂർ അശമന്നൂർ എം. വി. സുകുമാരൻ നൽകിയ പരാതി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആന്റണി ജോൺ** | **ഡോ. തോമസ് ഐസക്**<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | |
|---|---|
| (എ) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ അശമന്നൂർ പുന്നയംകര മൊടനാടൻ വീട്ടിൽ എം. വി. സുകുമാരൻ, ടിയാളുടെ ഭാര്യ പൊതുമരാമത്തുവകുപ്പ് റോഡു വിഭാഗം കുറുപ്പംപടി അസി. എൻജിനീയർ സി. റ്റി. സലീലജയുടെ സർവ്വീസ് സംബന്ധമായി നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 13/03/1989 ൽ ഗ്രേഡ് II ഡ്രാഫ്റ്റ്സ്മാൻ ആയി സർവ്വീസിൽ പ്രവേശിച്ച സി. റ്റി. സലീലജക്ക് രണ്ടും മൂന്നും ഹയർ ഗ്രേഡുകളും പ്രസ്തുത ഹയർ ഗ്രേഡുകൾക്കനുസൃതമായ അധിക ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | 08/08/2008 ലെ നം. 46/08/ധന സർക്കുലറിന്റെ ഖണ്ഡിക 7 പ്രകാരം 16/09/1985 മുതൽ പ്രവേശന തസ്തികയെ ആധാരമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ച നൽകുന്നത്. ശ്രീമതി. സലീലജ രണ്ടാം ഗ്രേഡ് ഓവർസീയർ ആയാണ് 13/03/1989 ൽ സേവനത്തിൽ പ്രവേശിച്ചത്. 10/12/2004-ൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 തസ്തികയിൽ പി.എസ്.സി നിയമനം ലഭിച്ചതിനാൽ പ്രവേശന തസ്തിക ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 ആയി മാറി. തുടർന്ന് 26/04/2012-ൽ അസിസ്റ്റന്റ് എൻജിനീയറായി പി.എസ്.സി നിയമനം ലഭിച്ചപ്പോൾ എൻട്രി തസ്തിക അസിസ്റ്റന്റ് എൻജിനീയറായും മാറി. |

| | |
|---|---|
| | നിലവിലുള്ള ചട്ട പ്രകാരം പി.എസ്.സി മുഖേന ബൈടാൻസ്ഫർ വഴി പുതിയ തസ്തികയിലെ നിയമനം നേരിട്ടുള്ള നിയമനമായി പരിഗണിക്കുന്നതിനാൽ ശ്രീമതി. സലീലജയ്ക്ക് ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 പ്രവേശന തസ്തികയായി കണക്കാക്കി 2 ഉം 3 ഉം സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. ടിയാളുടെ ഇപ്പോഴത്തെ പ്രവേശന തസ്തികയായ അസിസ്റ്റന്റ് എൻജിനീയറുടെ തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഇനി സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാൻ നിലവിലെ ചട്ടപ്രകാരം കഴിയൂ . |
| (സി) പ്രസ്തുത ഹയർ ഗ്രേഡുകളും അർഹമായ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | നിലവിലെ ചട്ടപ്രകാരം ടിയാളുടെ ഇപ്പോഴത്തെ പ്രവേശന തസ്തികയായ അസി. എൻജിനീയറുടെ തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാക്കുന്ന മുറയ്ക്കു മാത്രമേ ഇനി സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ കഴിയൂ. |

അക്കൗണ്ട്സ് ഓഫീസർ